**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - പൊന്നാനി നഗരസഭയിൽ രണ്ടാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടറായിരിക്കെ സസ്പെൻഷനിലായ ശ്രീ. എ എം പ്രദീപൻ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ സമർപ്പിച്ച ഒ.എ(ഇകെഎം) 1842/ 2018 നമ്പർ കേസിൽ 25.10.2018 തീയതിയിലെ വിധിന്യായം - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ) നം. 3252/ 2018/തസ്വഭവ തീയതി, തിരുവനന്തപുരം, 28.12.2018

---

പരാമർശം : 1. പൊന്നാനി നഗരസഭ സെക്രട്ടറിയുടെ 03.09.2018 തീയതിയിലെ ജി1- 16241/ 11 നമ്പർ ഉത്തരവ്.

2. ശ്രീ. എ എം പ്രദീപൻ സർക്കാരിൽ സമർപ്പിച്ച 08.10.2018 തീയതിയിലെ അപ്പീൽ( Annexure A6).

3. ശ്രീ. എ എം പ്രദീപൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ(ഇകെഎം) 1842/ 2018 നമ്പർ കേസിൽ 25.10.2018 തീയതിയിലുണ്ടായ വിധിന്യായം

4. നഗരകാര്യഡയറക്ടറുടെ 05.12.2018 തീയതിയിലെ വി2- 19705/ 18 നമ്പർ കത്ത്.

5. ശ്രീ. എ എം പ്രദീപൻ സർക്കാരിൽ സമർപ്പിച്ച 06.12.2018 തീയതിയിലെ കത്ത്

## ഉത്തരവ്

പൊന്നാനി നഗരസഭയിൽ രണ്ടാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടറായിരുന്ന ശ്രീ. എ എം പ്രദീപൻ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയതായി കണ്ടെത്തിയതിനെത്തുടർന്ന് പരാമർശം 1 ഉത്തരവ് പ്രകാരം നഗരസഭ സെക്രട്ടറി ടിയാളെ സസ്പെൻഡ് ചെയ്തിരുന്നു. പ്രസ്തുത ഉത്തരവിനെതിരെ പരാമർശം 2 പ്രകാരം ശ്രീ. എ.എം.പ്രദീപൻ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ നിരപരാധിയായ തന്നെ അന്യായമായി സസ്പെൻഡ് ചെയ്ത ഉത്തരവ് റദ്ദ് ചെയ്ത് സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കണമെന്ന് അപേക്ഷിച്ചിരുന്നു. ഇതേ ആവശ്യമുന്നയിച്ച് ശ്രീ. എ എം പ്രദീപൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ(ഇകെഎം) 1842/ 2018 നമ്പർ കേസിൽ 25.10.2018 ൽ ബഹു. ട്രിബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം അപേക്ഷകൻ സർക്കാരിൽ സമർപ്പിച്ച അനക്ഷർ

എ 6 അപ്പീൽ അപേക്ഷ പരിശോധിച്ച് പരാതിക്കാരനെ നേരിൽക്കേട്ട് രണ്ട് മാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

2. ബഹു. ട്രിബ്യൂണലിന്റെ ഉത്തരവിലെ നിർദ്ദേശ പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് അണ്ടർസെക്രട്ടറി 06.02.2018 തീയതിയിൽ ശ്രീ. എ.എം.പ്രദീപനെ നേരിൽ കേൾക്കുന്നതിന് തീരുമാനമെടുത്ത് കത്ത് നൽകിയിരുന്നുവെങ്കിലും, തന്റെ ആവശ്യം 07.11.2018 ലെ ഉത്തരവ് പ്രകാരം പരിഹരിക്കപ്പെട്ടതിനാൽ നേരിൽ കേൾക്കുന്നതിന് ഹാജരാകുന്നില്ലായെന്നും, അതിനാൽ പരാതി പിൻവലിക്കുന്നതായും അറിയിച്ച് പരാമർശം 5 പ്രകാരം കത്ത് നൽകിയിരുന്നു.

3. നഗരകാര്യഡയറക്ടറുടെ ഇക്കാര്യത്തിലുള്ള പരാമർശം 4 ലെ റിപ്പോർട്ട് പ്രകാരം വെള്ളപ്പൊക്കദുരിതാശ്വാസപ്രവർത്തനങ്ങളിലെ ശ്രീ. എ.എം.പ്രദീപന്റെ കൃത്യവിലോപവും ശ്രീ.ടി.പി.അബ്ദുൾസമദ് എന്നയാൾ സമർപ്പിച്ച പരാതിയുടേയും അടിസ്ഥാനത്തിൽ ശ്രീ. എ.എം.പ്രദീപനെ 03.09.2018 ൽ സസ്പെൻഡ് ചെയ്തിരുന്നതും തുടർന്ന് ഇക്കാര്യത്തിലെ അന്വേഷണറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടിയാനെതിരായ അച്ചടക്കനടപടി തീർപ്പാക്കി, സസ്പെൻഷൻ പിൻവലിച്ച് 07.11.2018 ൽ ജോലിയിൽ പ്രവേശിപ്പിച്ചിട്ടുള്ളതാണെന്ന് അറിയിച്ചിരുന്നു.

4. ഇക്കാര്യം നഗരകാര്യഡയറക്ടറുടെ റിപ്പോർട്ടിന്റേയും ശ്രീ.എ.എം.പ്രദീപന്റെ അപേക്ഷയുടേയും അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ,അപേക്ഷകന്റെ അനക്ഷർ എ 6 അപ്പീൽ അപേക്ഷയിലെ ആവശ്യം 07.11.2018 ലെ ഉത്തരവ് പ്രകാരം പരിഹരിക്കപ്പെട്ടതിനാൽ ഇക്കാര്യത്തിൽ തുടർനടപടികൾ അവസാനിപ്പിച്ച് പ്രസ്തുത അപ്പീൽ തീർപ്പാക്കി ഉത്തരവാകുന്നു.

5. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം 3 പ്രകാരമുള്ള നിർദ്ദേശം മേൽപ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**വി.എസ്.സന്തോഷ്**

അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, കേരളാ, തിരുവനന്തപുരം.( ആമുഖ കത്ത് സഹിതം)

ശ്രീ. എ.എം.പ്രദീപൻ, രണ്ടാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടർ, പൊന്നാനി നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ